263/est/18.

"ഭരണഭാഷ — മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. എ-3/10718/2018/സിഇ/തസ്വഭവ
തീയതി: 07.09.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - 2018 - ലെ കാലവർഷക്കെടുതിമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്കുണ്ടായ നാശനഷ്ടങ്ങൾ - പുനഃസ്ഥാപിക്കുന്നത് - സംബന്ധിച്ച്

മൺസൂൺ കാലവർഷക്കെടുതിമൂലം പ്രളയം ബാധിച്ച ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപന ആസ്തികൾക്ക് (റോഡുകൾ / കെട്ടിടം / പാലം / കലുങ്ക്) ഗുരുതരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പലയിടത്തും ഭൂമി വിണ്ടുകീറിയും, മണ്ണിടിച്ചിലും, പാലങ്ങളിൽ സാരമായ കേടുപാടുകൾ, കെട്ടിടങ്ങളിൽ structural cracks, foundation sliding / failure എന്നിവ സംഭവിച്ചിട്ടുള്ളതായി മനസ്സിലാക്കിയിട്ടുണ്ട്. ഇത് economical & sustainable ആയി പുനഃസ്ഥാപിക്കുന്നതിന് സാധാരണ രീതിയിലുള്ള technical solution കൂടാതെ കൂടുതൽ expertise ആവശ്യമാണ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം (സിവിൽ എഞ്ചിനീയറിംഗ് വിഭാഗം) പ്രസ്തുത പുനർനിർമ്മാണങ്ങളെ സംബന്ധിച്ച് technical support നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന് സി.ഇ.ടി - യിലേയും മറ്റ് ഐ.ഐ.ടി - കളിൽ നിന്നുമുള്ള വിദഗ്ധരുടെ technical suggestion ലഭ്യമാക്കുന്നതാണ്. ടി പുനർ നിർമ്മാണങ്ങളിലെ വെല്ലുവിളികളെ സംബന്ധിച്ച് ഒരു workshop നടത്തുന്നതിനുള്ള സന്നദ്ധത സി.ഇ.ടി അറിയിച്ചിട്ടുണ്ട്. ടി workshop - ൽ പങ്കെടുക്കുന്നതിന് താത്പര്യമുള്ളവർക്കും technical solution ആവശ്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരുടെയും വിവരം ത്രിതല പഞ്ചായത്തുകളുടേത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളുടേത് അതാത് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനുകളുടേത് അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും 13.09.2018 - ന് മുൻപായി ഈ കാര്യാലയത്തെ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്. ഇങ്ങനെ സാങ്കേതിക സഹായം ആവശ്യമുള്ള പ്രവൃത്തികളുടെ വിവരം അതാത് എഞ്ചിനീയർമാർ ശേഖരിക്കേണ്ടതും, ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കേണ്ടതുമാണ്. സാങ്കേതിക സഹായം ആവശ്യമില്ലായെങ്കിൽ ടി വിവരവും അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നിർബന്ധമായും അറിയിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ് - എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും
എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്ക്

എസ്.എ/